**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4145** **03-03-2023 - ൽ മറുപടിയ്ക്ക്**

**കേബിളുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | റോഡിൽ അയഞ്ഞ് കിടക്കുന്ന കേബിൾ മരണക്കുരുക്കായി മാറുന്ന സംഭവങ്ങൾ തുടർക്കഥയാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കായംകുളം ഇടശേരി ജംഗ്ഷന് സമീപം ഭർത്താവിനൊടൊപ്പം സ്കൂട്ടറിൽ സഞ്ചരിക്കവെ കഴുത്തിൽ കേബിൾ കുരുങ്ങി വീട്ടമ്മ റോഡിൽ വീണ് മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട് |
| (സി) | നിരത്തിൽ നിന്നും നാല് മീറ്റർ ഉയരത്തിൽ കാണുന്ന കേബിളുകൾ മുറിച്ച് മാറ്റണമെന്ന ഹൈക്കോടതി ഉത്തരവ് പാലിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | WP(C) No. 34310/19 കേസ്സിലെ 23.02.2023 ലെ വിധി ന്യായ പ്രകാരം തങ്ങളുടെ ഉടമസ്ഥതയിലുള്ള പോസ്റ്റുകളിലൂടെ കടന്നു പോകുന്ന കേബിളുകൾ പത്ത് ദിവസത്തിനകം തിട്ടപ്പെടുത്തി ടാഗ് ചെയ്യുന്നതിന് KSEB ക്കും കൊച്ചി കോർപ്പറേഷനും നിർദ്ദേശം നൽകുകയും വഴിയാത്രക്കാരുടെ ജീവന് ഭീഷണിയായി അപകടകരമായ വിധത്തിൽ താഴ്ന്ന് കിടക്കുന്ന കേബിളുകൾ മുറിച്ചു മാറ്റുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ ഉടമസ്ഥതയിൽ സ്ഥാപിച്ചിട്ടുള്ള കേബിളുകൾ ടാഗ് ചെയ്യുന്നതിനും ജീവന് ഭീഷണിയായി റോഡ് നിരത്തിൽ നിന്നും 5 മീറ്റർ ഉയരത്തിനുതാഴെ അലക്ഷ്യമായി തൂങ്ങി കിടക്കുന്ന കേബിളുകൾ മുറിച്ചുമാറ്റി, ഏതൊക്കെ റോഡിലാണ് ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് എന്ന് നഗരസഭയെ രേഖാമൂലം അറിയിക്കാനും വിവിധ കമ്പനികൾക്ക് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. തങ്ങളുടെ ഉടമസ്ഥതയിലുള്ള പോസ്റ്റുകളിലൂടെ കടന്ന് പോകുന്ന കേബിളുകൾ തിട്ടപ്പെടുത്തി ടാഗ് ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.യും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മറ്റ് വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | മറ്റ് വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ